ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06-02-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വിദ്യാഭ്യാസവും വിനോദവും കഴിവുകളും ഒന്നിച്ച് കൊണ്ടുപോകുന്നതിലൂടെ ജീവിതത്തിൽ വളർച്ച കൈവരിക്കാനാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പരീക്ഷാ പേ ചർച്ചയുടെ രണ്ടാം ഭാഗം തിങ്കളാഴ്ച രാവിലെ.

   **Prime Minister Narendra Modi said that growth in life can be achieved by bringing together education, entertainment and skills. The second part of the Pariksha Pay charcha will be held on Monday morning.**

2. ന്യൂനപക്ഷങ്ങളുടെ സുരക്ഷയും സംരക്ഷണവുമായി ബന്ധപ്പെട്ട ഇന്ത്യയുടെ ആശങ്ക ബംഗ്ലാദേശിലെ അധികാര കേന്ദ്രങ്ങളെ അറിയിച്ചിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ.

   **The central government has conveyed India's concerns regarding the safety and protection of minorities to the authorities in Bangladesh.**

3. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മലേഷ്യൻ സന്ദർശനത്തിന് നാളെ തുടക്കമാകും. വ്യാപാര, പ്രതിരോധ, ഊർജ മേഖലകളിൽ ഉഭയകക്ഷി ചർച്ചകൾ നടത്തും.

   **Prime Minister Narendra Modi's visit to Malaysia will begin tomorrow. Bilateral talks will be held in the fields of trade, defence and energy.**

4. ശക്തവും സുസ്ഥിരവുമായ നടപടികളിലൂടെ ഇന്ത്യൻ റെയിൽവേ സാമ്പത്തിക ഭദ്രത കൈവരിച്ചതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

   **Union Minister Ashwini Vaishnav said that Indian Railways has achieved financial security through strong and sustainable measures.**

5. എല്ലാവർക്കും സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കി കേരളത്തെ മികച്ച ഫുഡ് ഡെസ്റ്റിനേഷനാക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് മന്ത്രി വീണാ ജോർജ്.

   **Minister Veena George said that the government's goal is to make Kerala a top food destination by ensuring safe food for all.**

6. അണ്ടർ-19 ഏകദിന ക്രിക്കറ്റ് ലോകകപ്പ് ഫൈനലിൽ ഇന്ത്യക്കെതിരെ ഇംഗ്ലണ്ടിന് 412 റൺസ് വിജയലക്ഷ്യം.

   **England set a target of 412 runs against India in the U-19 ODI Cricket World Cup final.**

## PM PAREEKSHA (INTRO)

വിദ്യാഭ്യാസവും വിനോദവും കഴിവുകളും ഒന്നിച്ച് കൊണ്ടുപോകുന്നതിലൂടെ ജീവിതത്തിൽ വളർച്ച കൈവരിക്കാനാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പരീക്ഷാ പേ ചർച്ചയിലൂടെ വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. പരീക്ഷകളെ ഒരിക്കലും ജീവിതത്തിന്റെ പരീക്ഷണങ്ങളായി കാണരുതെന്നും ജീവിതത്തെ മികച്ച രീതിയിൽ കെട്ടിപ്പടുക്കാനുള്ള ഉപാധിയായാണ് വിദ്യാഭ്യാസത്തെ കാണേണ്ടതെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ്)

ശാരീരികവും മാനസികവുമായ ആരോഗ്യം ഒരുപോലെ

പ്രധാനമാണെന്നും വിദ്യാർത്ഥികൾ യോഗ, വ്യായാമം, പോഷകാഹാരം എന്നിവ ദിനചര്യയുടെ ഭാഗമാക്കണമെന്നും ശ്രീ മോദി ആഹ്വാനം ചെയ്തു. വിദ്യാർത്ഥികളുടെ പഠനവേഗത തിരിച്ചറിഞ്ഞ് അധ്യാപകർ അവർക്കൊപ്പം സഞ്ചരിക്കണമെന്ന് പറഞ്ഞ അദ്ദേഹം മാതാപിതാക്കൾ കുട്ടികളിൽ സമ്മർദ്ദം ചെലുത്താതെ അവർക്ക് ആവശ്യമായ പിന്തുണ നൽകി പ്രോത്സാഹിപ്പിക്കണമെന്നും പറഞ്ഞു.

(ഹോൾഡ്)

## PARIKSHA PE TEACHER (INTRO)

പരീക്ഷ പേ ചർച്ചയിലൂടെ വിദ്യാർത്ഥികളോടുള്ള പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സമീപനം ഊർജ്ജസ്വലവും പ്രചോദനാത്മകവുമായിരുന്നുവെന്ന് കണ്ണൂരിലെ പിഎം ശ്രീ കേന്ദ്രീയ വിദ്യാലയത്തിലെ അധ്യാപകൻ സൂരജ് ആകാശവാണി വാർത്തകളോട് പറഞ്ഞു. വിദ്യാർത്ഥികൾ എപ്പോഴും അധ്യാപകരേക്കാൾ രണ്ട് ചുവട് മുന്നിലായിരിക്കണം എന്ന പ്രധാനമന്ത്രിയുടെ സന്ദേശം, പഠനകാര്യങ്ങളിൽ സജീവമായി ഇടപെടാൻ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതാണെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

പരീക്ഷാ പേ ചർച്ചയുടെ രണ്ടാം ഭാഗം തിങ്കളാഴ്ച രാവിലെ 10 മണിക്ക് നടക്കും.

## PAR - ADJOURN

ഇന്ത്യ-യു.എസ് വ്യാപാര കരാർ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ പ്രതിപക്ഷം ഉയർത്തിയ പ്രതിഷേധത്തെ തുടർന്ന് ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു. തുടക്കത്തിൽ ബഹളത്തെ തുടർന്ന് ഉച്ചയ്ക്ക് 12 മണിവരെ സഭാ നടപടികൾ നിർത്തിവച്ചിരുന്നു.

പിന്നീട് വീണ്ടും സഭ സമ്മേളിച്ചപ്പോൾ, കോൺഗ്രസ്, ടി.എം.സി, ഡി.എം.കെ അംഗങ്ങൾ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ചു. പ്രതിഷേധം തുടർന്ന സാഹചര്യത്തിൽ സഭ ഇന്നത്തേക്ക് പിരിയുകയായിരുന്നു. രാജ്യസഭ ഇന്ന് സാധാരണ നിലയിൽ പ്രവർത്തിച്ചു. ശൂന്യവേളയിൽ അംഗങ്ങൾ പൊതു പ്രാധാന്യമുള്ള വിഷയം ഉന്നയിക്കുകയും, പിന്നീട് ചോദ്യോത്തര വേള ആരംഭിക്കുകയും ചെയ്തു. പാർലമെന്റിൻറെ ഇരുസഭകളും തിങ്കളാഴ്ച വീണ്ടും സമ്മേളിക്കും.

☸☸☸☸☸☸☸☸☸☸☸☸☸☸

## PM MALAYSIA-VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മലേഷ്യൻ സന്ദർശനത്തിന് നാളെ തുടക്കമാകും. പ്രധാനമന്ത്രിയുടെ മൂന്നാമത്തെ മലേഷ്യ സന്ദർശനമാണിത്. വ്യാപാരം, പ്രതിരോധം, ഊർജം, സെമികണ്ടക്ടറുകൾ തുടങ്ങിയ മേഖലകളിൽ ഉഭയകക്ഷി ചർച്ചകൾ നടത്തും. പത്താമത് ഇന്ത്യ-മലേഷ്യ സി.ഇ.ഒ ഫോറത്തിലും പ്രധാനമന്ത്രി പങ്കെടുക്കും.

☸☸☸☸☸☸☸☸☸☸☸☸☸☸

## AMIT SHAH- JAMMU VISIT

രണ്ടു ദിവസത്തെ സന്ദർശനത്തിന് ജമ്മു കശ്മീരിലെത്തിയ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് കതുവ ജില്ലയിലെ അന്താരാഷ്ട്ര അതിർത്തി പ്രദേശമായ ഹിരാനഗർ സെക്ടർ സന്ദർശിച്ചു. അതിർത്തി സുരക്ഷാ സേന ഉദ്യോഗസ്ഥർക്കായി വിവിധ ക്ഷേമ പദ്ധതികൾക്ക് തുടക്കം കുറിച്ച അദ്ദേഹം ഹിരാനഗർ സെക്ടറിലെ ഗുർനാം, ബോബിയാൻ എന്നീ അതിർത്തി ഔട്ട്പോസ്റ്റുകൾ സന്ദർശിച്ചു. ബി.എസ്.എഫ് ഉദ്യോഗസ്ഥരുമായി അതിർത്തിയിലെ സ്ഥിതിഗതികളെക്കുറിച്ച് ആഭ്യന്തര മന്ത്രി ചർച്ച നടത്തുകയും ചെയ്തു. ഇന്ന് ലോക് ഭവനിൽ നടന്ന ഉന്നതതല സുരക്ഷാ അവലോകന യോഗത്തിൽ ശ്രീ അമിത്ഷാ അധ്യക്ഷത വഹിച്ചു. ജമ്മു

കശ്മീരിലെ വികസനം അവലോകനം ചെയ്യുന്നതിനായി ആഭ്യന്തരമന്ത്രി നാളെ മറ്റൊരു ഉന്നതതല യോഗം ചേരും.

☸☸☸☸☸☸☸☸☸☸☸☸☸☸

## LS-INDIA BANGLADESH

ബംഗ്ലാദേശിലെ ന്യൂനപക്ഷങ്ങളുടെ സുരക്ഷയും സംരക്ഷണവും ഉൾപ്പെടെയുള്ള വിഷയങ്ങളിലെ ഇന്ത്യയുടെ ആശങ്ക അവിടുത്തെ അധികാര കേന്ദ്രങ്ങളെ അറിയിച്ചിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ. പ്രധാനമന്ത്രി നരേന്ദ്ര മോദി, വിദേശകാര്യ മന്ത്രി ഡോ.എസ്.ജയ്ശങ്കർ എന്നിവർ ഉൾപ്പെടെയുള്ളവർ ഈ വിഷയം ഉന്നയിച്ചതായി, ഇന്ന് ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ് പറഞ്ഞു. ബംഗ്ലാദേശിൽ നടക്കുന്ന, ഇന്ത്യയുടെ ദേശീയ താൽപ്പര്യങ്ങളെ ബാധിക്കുന്ന സംഭവവികാസങ്ങൾ സർക്കാർ തുടർന്നും നിരീക്ഷിക്കുമെന്നും അവ തടയുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

☸☸☸☸☸☸☸☸☸☸☸☸☸☸

## JAISHNAKAR- SRI LANKA

ഇന്ത്യ സന്ദർശിക്കുന്ന ശ്രീലങ്ക ജനതാ വിമുക്തി പെരമുന പാർട്ടി ജനറൽ സെക്രട്ടറി ടിൽവിൻ സിൽവയുമായും ശ്രീലങ്കയിൽ നിന്നുള്ള പ്രതിനിധി സംഘവുമായും വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഇന്ന് കൂടിക്കാഴ്ച നടത്തി. വളർച്ചാ സാധ്യതകളെയും സാമൂഹിക ക്ഷേമ സംരംഭങ്ങളെയും കുറിച്ച് ഇരു രാജ്യങ്ങളും ചർച്ച ചെയ്തതായി ഒരു സമൂഹ മാധ്യമ കുറിപ്പിൽ ശ്രീ ജയ്ശങ്കർ പറഞ്ഞു. സാമ്പത്തിക പ്രതിസന്ധിയിലും ദിത്വാ ചുഴലിക്കാറ്റിന് ശേഷവും ഇന്ത്യ ശ്രീലങ്കയ്ക്കൊപ്പം നിന്നിട്ടുണ്ടെന്നും, ആ പങ്കാളിത്തം തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി.

☸☸☸☸☸☸☸☸☸☸☸☸☸☸

## RS- AMRIT BHARAT (INTRO)

ശക്തവും സുസ്ഥിരവും നയപരവുമായ നടപടികളിലൂടെ കഴിഞ്ഞ പത്ത് വർഷത്തിനിടെ ഇന്ത്യൻ റെയിൽവേയുടെ സാമ്പത്തിക ഭദ്രത ഗണ്യമായ പുരോഗതി കൈവരിച്ചതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. 2014-നും 2024-നുമിടയിൽ റെയിൽവേ 5 ലക്ഷത്തി 4,000 പേർക്ക് തൊഴിൽ ലഭ്യമാക്കിയതായും രാജ്യസഭയിൽ ചോദ്യോത്തരവേളയിൽ അദ്ദേഹം പറഞ്ഞു. രാജ്യത്ത് അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിക്ക് കീഴിൽ 170 റെയിൽവേ സ്റ്റേഷനുകളുടെ പുനർവികസന പ്രവർത്തനങ്ങൾ പൂർത്തിയായി. കേരളത്തിലെ റെയിൽവേ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സംസ്ഥാനസർക്കാർ ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

(ഹോൾഡ്)

## ELECTION COMMISSION

വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പുകൾ സ്വതന്ത്രവും നീതിയുക്തവുമാണെന്ന് ഉറപ്പാക്കണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. കേരളം, അസം, പുതുച്ചേരി, തമിഴ്നാട്, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പ് നിരീക്ഷകർക്കുള്ള യോഗത്തിൻറെ സമാപനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പരാതികളിൽ ഉടനടി പരിഹാരം കാണുന്നത് തിരഞ്ഞെടുപ്പ് പ്രക്രിയയിലുള്ള വിശ്വാസം വർദ്ധിപ്പിക്കാൻ സഹായിക്കുമെന്ന് യോഗത്തിൽ അഭിപ്രായം ഉയർന്നു. രണ്ട് ദിവസത്തെ യോഗത്തിൽ മൂന്ന് ബാച്ചുകളിലായ് 1,444 ഉദ്യോഗസ്ഥരാണ് പങ്കെടുത്തത്.

## VEENA GEORGE

എല്ലാവർക്കും സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കി കേരളത്തെ മികച്ച ഫുഡ് ഡെസ്റ്റിനേഷൻ ആക്കി മാറ്റുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് സംഘടിപ്പിച്ച 'ഈറ്റ് റൈറ്റ് കേരള' ക്യാമ്പയിനും മില്ലറ്റ് മേളയും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ആരോഗ്യ മേഖലയിൽ മികച്ച നേട്ടങ്ങൾ കൈവരിക്കുന്ന കേരളം നേരിടുന്ന പ്രധാന വെല്ലുവിളി ജീവിതശൈലീ രോഗങ്ങളാണെന്നും, ഇത് പ്രതിരോധിക്കാൻ ഭക്ഷണശീലങ്ങളിൽ മാറ്റം വരുത്തണമെന്നും മന്ത്രി പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸☸

## U -19 CRICKET

അണ്ടർ-19 ഏകദിന ക്രിക്കറ്റ് ലോകകപ്പ് ഫൈനലിൽ ഇന്ത്യക്കെതിരെ ഇംഗ്ലണ്ടിന് 412 റൺസ് വിജയലക്ഷ്യം. ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത ഇന്ത്യ നിശ്ചിത 50 ഓവറിൽ 9 വിക്കറ്റിന് 411 റൺസ് എടുത്തു. ഇന്ത്യക്കു വേണ്ടി ഓപ്പണർ വൈഭവ് സൂര്യവംശി സെഞ്ച്വറി നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ ഇംഗ്ലണ്ട് ഒടുവിൽ വിവരം ലഭിക്കുന്പോൾ 28 ഓവറിൽ 7 വിക്കറ്റിന് 228 റൺസ് എന്ന നിലയിലാണ്.

☸☸☸☸☸☸☸☸☸☸☸☸☸☸

## NEW PAK-EXPLOSION

പാകിസ്ഥാൻ തലസ്ഥാനമായ ഇസ്ലാമാബാദിൽ ഉണ്ടായ ചാവേർ ആക്രമണത്തിൽ 31 പേർ കൊല്ലപ്പെടുകയും 170 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഷെഹ്സാദ് ടൗൺ പ്രദേശത്തെ ഒരു ഷിയ കേന്ദ്രത്തിലാണ് സ്ഫോടനം ഉണ്ടായത്. സുരക്ഷാ

ഉദ്യോഗസ്ഥർ അക്രമിയെ തടഞ്ഞുവച്ചെങ്കിലും അയാൾ സ്വയം പൊട്ടിത്തെറിച്ചതായാണ് പോലീസ് സ്ഥിരീകരണം.

आकाशवाणी